പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4761

19/5/2017 ൽ മറുപടിക്ക്

**ക്ഷീര കർഷക ക്ഷേമ പദ്ധതികൾ**

ചോദ്യം

**ശ്രീ.ഇ.പി.ജയരാജൻ:**
**ശ്രീ.കാരാട്ട് റസാഖ്:**
**ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ:**
**ശ്രീ.കെ. ആൻസലൻ.**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | |
|---|---|
| **എ)** പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പാൽ, മുട്ട ,മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് അറിയിക്കുമോ; | **എ)** 13- ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-2018 സാമ്പത്തിക വർഷത്തിൽ പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി താഴെപറയുന്ന പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത്.<br>1. എം.എസ്.ഡി.പി. -4179 ലക്ഷം.<br>2. തീറ്റപ്പുൽകൃഷി വികസന പദ്ധതി -600 ലക്ഷം<br>3. കാറ്റിൽഫീഡ് സബ്സിഡി -1400 ലക്ഷം<br>4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം - 2585 ലക്ഷം<br>5. ക്ഷീരകർഷകക്ഷേമനിധിയ്ക്കുള്ള ധനസഹായം -25 ലക്ഷം<br>6. ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം -466 ലക്ഷം<br>7. ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ -495 ലക്ഷം<br>8. വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീരവികസന പദ്ധതി -25 ലക്ഷം.<br>ആകെ **-9775 ലക്ഷം.** |

പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശു / എരുമ കുട്ടികൾക്ക് (പ്രതിവർഷം 2 ലക്ഷം പശു /എരുമക്കുട്ടികൾ) ലഭിക്കും വിധം പുന ക്രമീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീരകർഷകർക്ക് സഹായകമാകുന്ന വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, ഫാം യന്ത്രവത്ക്കരണം, കിടാരി വളർത്തൽ, സംരംഭക വികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, ചെറുകിട ഡയറി യൂണിറ്റുകൾ ഇവയാണ് 13-ാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. മുട്ട ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പിന് കീഴിലുള്ള കോഴി ഫാമുകളിലെ ഉത്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് എഗ്ഗർ നേഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യും. കൂടാതെ വകുപ്പിന് കീഴിൽ രണ്ടു പുതിയ ഹാച്ചറികൾ-കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചിലവഴിച്ചു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കാൻ 3 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉത്പാദനത്തിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി

ക്കൊണ്ടിരിക്കുന്ന കെപ്കോ പദ്ധതികൾ താഴെപ്പറയുന്നു.

1. കെപ്കോ ആശ്രയ പദ്ധതി
2. റൂറൽ ബാക്ക്യാർഡ് പദ്ധതി
3. കെപ്കോ നഗരപ്രിയ പദ്ധതി
4. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
5. കോൾനിലങ്ങളിലെ കോഴിവളർത്തൽ
6. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി
7. വില്ലേജ് പൗൾട്രി (കോഴിവളർത്തൽ ഗ്രാമങ്ങൾ)
8. കോഴിവളർത്തൽ പദ്ധതി (കുടുംബശ്രീ യൂണിറ്റുകൾ വഴി)
9. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കു വേണ്ടി രണ്ട് രീതിയിലുള്ള കോഴി വളർത്തൽ പദ്ധതി

   (1) കേജ് സിസ്റ്റം

   (2) ഡീപ്പ് ലിറ്റർ സിസ്റ്റം

10. ഇന്റഗ്രേഷൻ പദ്ധതി

കോഴിയിറച്ചിയുടെ വർദ്ധിച്ച വരുന്ന ആവശ്യകത കണക്കിലെടുത്ത് മണിക്കൂറിൽ 1000 കോഴികളെ സംസ്കരിച്ച് ഇറച്ചി, വിവിധ ഇറച്ചി ഉത്പന്നങ്ങൾ എന്നിവ ഉത്പാദിപ്പിക്കുവാൻ ശേഷിയുള്ള ആധുനിക രീതിയിലുള്ള മീറ്റ് പ്രോസസിംഗ് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ബി)** ക്ഷീരകർഷകരെ സഹായിക്കുന്നതിനായി കന്നുകാലി ഇൻഷ്വറൻസ്, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, തീറ്റപ്പുൽകൃഷി ഉടങ്ങിയവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

**ബി)** കന്നുകാലികളുടെ മരണം മൂലവും ഉൽപ്പാദന ശേഷി നഷ്ടപ്പെട്ടതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. സംസ്ഥാന ബഡ്ജറ്റിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്രസഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും എന്നതാണ്

പ്രത്യേകത. ഗോസമൃദ്ധി പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 5 കോടി രൂപ നീക്കി വച്ചിരിക്കുന്നു. ഇതിനുപുറമെ ഇൻഷ്വറൻസ് പരിരക്ഷ, മറ്റു മാർഗ്ഗങ്ങളിൽ നിന്നുള്ള നഷ്ടപരിഹാരം എന്നിവ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി മൃഗസംരക്ഷണ വകുപ്പ് മുഖേനയോ, ക്ഷീരവികസന വകുപ്പ് മുഖേനയോ നൽകുന്നില്ല.

സംസ്ഥാനത്തിന് ആവശ്യമായ മൊത്തം 23.2 ദശലക്ഷം തീറ്റപ്പുല്ലിന്റെ സ്ഥാനത്ത് കേവലം 5.1 ദശലക്ഷം ടൺ മാത്രമാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്. നിലവിലുള്ള വിളകൾക്കിടയിൽ സാധ്യമായത്ര സ്ഥലങ്ങളിൽ ഇടവിളയായി തീറ്റപ്പുല്ല് വളർത്തൽ പ്രോത്സാഹിപ്പിച്ചു വരുന്നു. ഭൂമിയുടെ ലഭ്യതയിലുള്ള കുറവ്, ജൈവവളത്തിന്റെ കുറവ്, മണ്ണൊലിപ്പുമൂലമുള്ള മണ്ണിന്റെ ഫലപുഷ്ടിക്കുറവ് എന്നിവ തീറ്റപ്പുൽ കൃഷിവ്യാപനത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. ഇതിനായി കൃഷിയോഗ്യമായ ഭൂമിയുടെ കേവലം 10% മാത്രമേ മാറ്റി വയ്ക്കുവാൻ കഴിയുന്നുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തരിശുഭൂമികൾ ഇതിനായി പ്രയോജനപ്പെടുത്തുവാൻ തക്ക രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

2017-2018 വർഷം തീറ്റപ്പുൽകൃഷി വികസന പദ്ധതിയ്ക്കായി 600/-ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. തീറ്റപ്പുല്ലിന്റെ ഉല്പാദനം

വർദ്ധിപ്പിച്ചുകൊണ്ട് സാന്ദ്രീകൃത കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ക്ഷീരകർഷകർക്ക് ആവശ്യമായ തീറ്റപ്പുൽകടകൾ സൗജന്യമായി നൽകുകയും 20 സെന്റിൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് കൃഷിചെലവ് ഉൾപ്പെടെയുള്ള സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പുൽകടകളുടെ വില ഉൾപ്പെടെ 20,000/- രൂപ ധനസഹായമായി നൽകി വരുന്നു. കൂടാതെ വനിതാ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന ക്ഷീരസംഘവുമായി ബന്ധപ്പെട്ട തീറ്റപ്പുൽകൃഷിയും നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള സഹായം, യന്ത്രവത്കരണത്തിനുള്ള സഹായം, അസോള, ചോളം, വൻപയർ എന്നിവ കൃഷി ചെയ്യുന്നതിനുള്ള സഹായം എന്നിവയും നൽകി വരുന്നു.

2017-2018 -ൽ 94 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി സർക്കാർ അർദ്ധസർക്കാർ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തിയാണ് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നത്. ഇതിനായി 87.488 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| സി) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | സി) കന്നുകുട്ടി പരിപാലന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. എസ്.എൽ.ബി.പി പദ്ധതിയിലെ 1000 പശുക്കളെയും, അല്ലാത്ത പശുക്കളെയും താരതമ്യം ചെയ്ത് 2015 ൽ പഠനം നടത്തുകയുണ്ടായി. പദ്ധതിയിലെ |

പശുക്കൾ മറ്റ് പശുക്കളെക്കാളും ശരാശരി അഞ്ച് മാസം മുമ്പായി മദി കാണിക്കുകയും ഗർഭം ധരിക്കുകയും പ്രസവിച്ച് പശുക്കളായി മാറുകയും ചെയ്യുന്നതായി കാണപ്പെടുന്നു. ഗർഭധാരണത്തിന് ആവശ്യമായ കൃത്രിമ ബീജാധാനത്തിന്റെ ശരാശരി എണ്ണം പദ്ധതിയിലെ പശുക്കളിൽ കുറവായി കാണപ്പെടുന്നു. ആദ്യ പ്രസവത്തിലെ പരമാവധി പാലുല്പാദനം പദ്ധതിയിലെ പശുക്കളിൽ മറ്റുള്ളവയെക്കാൾ 10% അധികമായി കാണപ്പെടുന്നു.

സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടി പരിപാലനം, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ആകെ 108608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ